പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 341

# 2010-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2010

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 341

# 2010-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ

582/2010.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 341

# 2010-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിയൊന്നാം സംവത്സരത്തിൽ താഴെ പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2010-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 86-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 86-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ നിലവിലുള്ള വിശദീകരണം, "വിശദീകരണം 1" ആയി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട വിശദീകരണം 1-നു ശേഷം താഴെ പറയുന്ന വിശദീകരണം ചേർക്കേണ്ടതുമാണ്, അതായത്:—

"വിശദീകരണം 2.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി പാർട്ട് ടൈം ജീവനക്കാരും ഓണറേറിയം കൈപ്പറ്റുന്നവരും ജീവനക്കാരായി കരുതപ്പെടേണ്ടതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ (1994-ലെ 20) 86-ാം വകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ജീവനക്കാരും ഏതെങ്കിലും മുനിസിപ്പാലിറ്റിയിലെ കൗൺസിലറായി തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യരല്ല. സംസ്ഥാനത്തെ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള അംഗനവാടികളിലെയും ബാലവാടികളിലെയും ജീവനക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെങ്കിലും അവർ ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടാൻ യോഗ്യതയില്ലാത്ത

ജീവനക്കാരാണെന്ന് സർക്കാർ കരുതുന്നു. ആയതിനാൽ, പാർട്ട് ടൈം ജീവനക്കാരും ഓണറേറിയം കൈപ്പറ്റുന്നവരും പ്രസ്തുത വകുപ്പിന്റെ ആവശ്യത്തിലേക്കായി ജീവനക്കാരായി കരുതപ്പെടുമെന്ന ഒരു വിശദീകരണം ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത ആക്റ്റിന്റെ 86-ാം വകുപ്പ് ഭേദഗതി ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽകൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പാലോളി മുഹമ്മദ് കുട്ടി

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ പ്രസക്ത ഭാഗങ്ങൾ
(1994-ലെ 20)

** ** **

86. സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മുതലായവയിലെ ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും അയോഗ്യത.—(1) സംസ്ഥാന സർക്കാരിന്റെയോ അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെയോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയോ അല്ലെങ്കിൽ സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനമോ ഉടമസ്ഥത വഹിക്കുന്നതോ നിയന്ത്രിക്കുന്നതോ ആയ ഒരു കോർപ്പറേഷനിലെയോ അല്ലെങ്കിൽ സംസ്ഥാന സർക്കാരിനോ കേന്ദ്ര സർക്കാരിനോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ അൻപത്തിഒന്നു ശതമാനത്തിൽ കുറയാതെ ഓഹരി ഉള്ള ഏതെങ്കിലും കമ്പനിയിലെയോ സംസ്ഥാന നിയമപ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ബോർഡുകളിലെയോ ഏതെങ്കിലും സർവ്വകലാശാലയിലേയോ യാതൊരു ഉദ്യോഗസ്ഥനും ജീവനക്കാരനും ഒരു മുനിസിപ്പാലിറ്റിയിലെ കൗൺസിലറായി തിരഞ്ഞെടുക്കപ്പെടുന്നതിനോ ഉദ്യോഗം വഹിക്കുന്നതിനോ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി കമ്പനി എന്നാൽ 1956-ലെ കമ്പനി ആക്റ്റ് (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) 617-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു ഗവൺമെന്റ് കമ്പനി എന്നർത്ഥമാകുന്നതും 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്റ്റ് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്തതായി കരുതുന്നതോ ആയ സഹകരണ സംഘവും ഉൾപ്പെടുന്നതുമാകുന്നു.

(2) അഴിമതി പ്രവൃത്തിക്കോ കൂറില്ലായ്മയ്ക്കോ ഉദ്യോഗത്തിൽ നിന്നും പിരിച്ചുവിടപ്പെട്ട (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഏതൊരു ഉദ്യോഗസ്ഥനും ജീവനക്കാരനും അങ്ങനെയുള്ള പിരിച്ചുവിടൽ തീയതി തൊട്ട് അഞ്ച് വർഷക്കാലത്തേക്ക് ഒരു മുനിസിപ്പാലിറ്റിയിലെ കൗൺസിലറായി തിരഞ്ഞെടുക്കപ്പെടുന്നതിനോ ഉദ്യോഗം വഹിക്കുന്നതിനോ അയോഗ്യനായിരിക്കുന്നതാണ്.

** ** **